പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം.നം.1941 08.03.2018-ലെ മറുപടിക്ക്

## സ്പാർക് ഡേറ്റാ ബേയ്സിൽ നിന്നും വിവരങ്ങൾചോർത്തപ്പെട്ട സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| കെ എൻ എ ഖാദർ<br>വി കെ ഇബ്രാഹിം കുഞ്ഞ് | ഡോ. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | സംസ്ഥാനജീവനക്കാരുടെ ശമ്പളത്തിന്റെയും മറ്റു ക്ലെമുകളുടെയും ബിൽ തയ്യാറാക്കാൻ ഉപയോഗിക്കപ്പെടുന്ന സ്പാർക്ക് ഡേറ്റാ ബെയ്സില് നിന്നും വിവരങ്ങൾ ചോർത്തപ്പെട്ടത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;ഇത് സംഭവിക്കാനിടയായ സാഹചര്യം വിശദമാക്കുമോ ; | മാദ്ധ്യമ വാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഓരോ സർക്കാർ ഓഫീസിലെയും ജീവനക്കാരുടെ ഔദ്യോഗികവും വ്യക്തിപരവുമായ വിവരങ്ങൾ അതാതു ഓഫീസിൽ സ്പാർക്ക് കൈകാര്യം ചെയ്യുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്ക് മാത്രമേ കാണുവാൻ കഴിയുകയുള്ളു. ഇത്തരം വിവരങ്ങൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടുന്നതും സംരക്ഷി ക്കേണ്ടതും ഈ ഉദ്യോഗസ്ഥരുടെ ചുമതലയാണ്. സർക്കാർ ജീവനക്കാരുടെ ഔദ്യോഗികവും വ്യക്തിപരവുമായ വിവരങ്ങൾ സ്പാർക്കിൽ നിന്നും നേരിട്ട് ചോരുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | ജീവനക്കാരുടെ ക്ലെമുകൾ സ്പാർക്ക് സിസ്റ്റത്തില് രേഖപ്പെടുത്താൻ അധികാരപ്പെടുത്തിയിട്ടുള്ള ഡി ഡി ഓ മാരിൽ ചിലര് ഇതിനു | മാദ്ധ്യമ വാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.അതാതു ഓഫീസിലെ മേലധികാരികൾ സാക്ഷ്യ പ്പെടുത്തി നൽകിയിട്ടുള്ള ഫോറത്തിന്റെ അടിസ്ഥാനത്തിൽ ഡി ഡി ഓ മാർക്കും അവര് |

| | | |
|---|---|---|
| | സ്വകാര്യ ഏജൻസികളെ ഏർപ്പെടുത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ ;എങ്കിൽ ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | ചുമതലപ്പെടുത്തുന്ന ചുരുക്കം ചില ഉദ്യോഗസ്ഥർക്കും മാത്രമാണ് സ്പാർക്കിൽ നിന്നും യൂസർ കോഡ്, പാസ്സ്‌വേർഡ് എന്നിവ നൽകി വരുന്നത്. ആദ്യം നൽകുന്ന പാസ്സ്‌വേർഡ് തുടക്കത്തിൽ തന്നെ ഉദ്യോഗസ്ഥർ മാറ്റിയാൽ മാത്രമേ സോഫ്റ്റ്‌വെയര് ഉപയോഗിക്കുവാൻ കഴിയുകയുള്ളൂ.തുടർന്നുള്ള ഓരോ 60 ദിവസത്തിലൊരിക്കൽ ഇത് പുനക്രമീകരിക്കുകയും വേണം .കാലാകാലങ്ങളായി നടത്തിവരുന്ന സുരക്ഷാ പുനരവലോകനത്തിന്റെ ഭാഗമായി പാസ്സ്‌വേർഡ് പുനഃ ക്രമീകരിക്കുന്നതിനുള്ള സമയക്രമം 60 ദിവസത്തിൽ നിന്നും 30 ദിവസമാക്കി കുറയ്ക്കുന്നതിനും ആധാർ അധിഷ്ഠിതമായി പാസ്സ്‌വേർഡ് പുനഃ ക്രമീകരിക്കുന്നതിനുള്ള സംവിധാനം സ്പാർക്കിൽ നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങൾ പരിഗണനയിലാണ്. ഡി ഡി ഓ മാരും വകുപ്പ് തലവന്മാരും ഇത്തരം സന്ദർഭങ്ങളില് സ്വീകരിക്കേണ്ട മുൻകരുതലുകള് സംബന്ധിച്ച് ആവർത്തിച്ച് മുന്നറിയിപ്പുകൾ നല്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**